# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 869 07.02.2013 - ൽ മറുപടിക്ക്

## കുടിവെള്ളത്തിന്റെ സ്വകാര്യവത്കരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. കെ.എസ്.സലീഖ | | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കുടിവെള്ളത്തിന് സ്വകാര്യ കമ്പനി രൂപീകരിച്ച് ഭരണാനുമതി നൽകിയത് ശ്രദ്ധയിൽപ്പെട്ടുവോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ എത്രശതമാനം ഓഹരിയാണ് പ്രസ്തുത സ്വകാര്യ കമ്പനിക്ക് നൽകിയിട്ടുള്ളത്; സർക്കാരിനും, വാട്ടർ അതോറിറ്റിക്കും എത്ര ശതമാനം ഓഹരികളാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | സർക്കാർ ഉത്തരവു പ്രകാരം കേരള സർക്കാറിന്റെ ഇക്വിറ്റി 26% വും (₹2.6 കോടി) കേരള വാട്ടർ അതോറിറ്റിയുടെ ഇക്വിറ്റി 23% വും ബാക്കിയുള്ളത് സ്വകാര്യ സെക്ടറുകളുടേതുമായി നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത തീരുമാനം, മൂലം കുടിവെള്ളത്തിന് വില വർദ്ധിക്കാൻ സാദ്ധ്യതയുണ്ടോ; വിശദമാക്കുമോ; സംസ്ഥാനത്ത് വീട്ടാവശ്യത്തിനുള്ള വെള്ളത്തിന് ലിറ്ററിന് 4 പൈസ എന്നത് വർദ്ധിപ്പിക്കുമോ; | (സി) | വില വർദ്ധനവ് ഉണ്ടാകാനുള്ള സാദ്ധ്യത നിലവിലില്ല. |
| (ഡി) പ്രസ്തുത സ്വകാര്യ കമ്പനി എപ്രകാരമുള്ള പ്രവർത്തനമാണ് നടത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) | ബഹു. ജലവിഭവ വകുപ്പു മന്ത്രി ചെയർമാനായുള്ള ഡയറക്ടർ ബോർഡിൽ പ്രിൻസിപ്പൽ സെക്രട്ടറി (ജലവിഭവം), സെക്രട്ടറി (ഫിനാൻസ്), സെക്രട്ടറി (തദ്ദേശസ്വയംഭരണം), വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ് (മാനേജിംഗ് ഡയറക്ടർ), വാട്ടർ അതോറിറ്റി ബോർഡ് നിർദ്ദേശിക്കുന്ന ഒരു സീനിയർ എഞ്ചിനീയർ എന്നിവർ അംഗങ്ങളും മൂന്ന് കോടിയിൽ കൂടുതൽ വിഹിതമുള്ള ഷെയർ ഹോൾഡർമാരും |

| | | | |
|---|---|---|---|
| | | | ഉണ്ടായിരിക്കുന്നതാണ്. സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നമ്പർ 103/2012/ ഡബ്ല്യു.ആർ.ഡി തീയതി 31.12.2012 പ്രകാരം ബജറ്റ് പ്രസംഗത്തിലും ഒരു വർഷത്തെ കർമ്മ പരിപാടിയിലും സർക്കാർ സിയാൽ മാതൃകയിൽ കേരള ഡ്രിങ്കിംഗ് വാട്ടർ കമ്പനി ലിമിറ്റഡ് സ്ഥാപിക്കുവാനുള്ള നടപടികൾ പ്രഖ്യാപിച്ചു. ഈ ലിമിറ്റഡ് കമ്പനി സംസ്ഥാനത്ത് ഉടനീളമുള്ള കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ള വാട്ടർ ഫിൽട്ടറേഷനും ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ പ്ലാന്റുകളുടെ കൺസ്ട്രക്ഷനും, ഡെവലപ്പിംഗിനും, മെയിന്റനൻസിനും ഓപ്പറേഷനും വേണ്ടിയുള്ള ഒരു സിംഗിൾ നോഡൽ ഏജൻസിയാണ്. |
| (ഇ) | രണ്ട് ലക്ഷത്തിലധികം വരുന്ന പൊതുടാപ്പ്, ബി.പി.എൽ കുടുംബങ്ങൾക്കുള്ള സൗജന്യ കുടിവെള്ളം എന്നിവ സ്വകാര്യ കമ്പനി വരുന്നതോടുകൂടി നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ടോ; വിശദമാക്കുമോ; | (ഇ) | നിർദ്ദിഷ്ട കമ്പനിയുടെ പ്രവർത്തനം നിലവിലുള്ള ആനുകൂല്യങ്ങളൊന്നും നഷ്ടപ്പെടുത്തിക്കൊണ്ടാവില്ല. |
| (എഫ്) | കൊടും വരൾച്ച നേരിടുന്ന സംസ്ഥാനത്ത് 44 പുഴകളിൽ നിന്നും പ്രസ്തുത സ്വകാര്യ കമ്പനി വെള്ളം ഊറ്റിയെടുക്കാതിരിക്കാനും, കുഴൽകിണർ കുഴിക്കാതിരിക്കാനുമായി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എഫ്) | സ്രോതസ്സുകളിന്മേൽ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ